**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1644**

**04.10.2016 - ൽ മറുപടിക്ക്.**

## കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രിയുടെ പ്രവർത്തനം

ചോദ്യം
ശ്രീ. കെ. ബാബു.

**മറുപടി**
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും കായികവും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| (എ) | നെൻമാറ നിയോജകമണ്ഡലത്തിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) : | ഉണ്ട്. |
| (ബി) | നിലവിൽ ഈ സ്ഥാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) : | നെൻമാറ നിയോജകമണ്ഡലത്തിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ 10 ഷെഡ്ഡുകൾ ഉണ്ട്. ഇതിൽ 4 ഷെഡ്ഡുകളിൽ ടൂൾസും മോൾഡിംങ്ങും, മെറ്റൽ ഷീറ്റ് നിർമ്മാണം എന്നിവ നടക്കുന്നു. 2 ഷെഡ്ഡുകളിൽ ടി പ്രവർത്തനം ഭാഗികമായി നടക്കുന്നു. 4 ഷെഡ്ഡുകൾ പ്രവർത്തിക്കുന്നില്ല. ഷെഡ്ഡുടമ പ്രവർത്തനം തുടങ്ങുന്നതിനായി 4 മാസത്തെ സമയം ചോദിച്ചതിൻപ്രകാരം 2016 ഡിസംബർ മാസം വരെ സമയം അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനം നിലവിൽ ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് കൊടുത്തിട്ടുണ്ടോ ; എങ്കിൽ ഏത് വർഷം മുതലാണ് പാട്ടത്തിന് കൊടുത്തത് എന്ന് വിശദമാക്കുമോ ? | (സി) : | ആർക്കും പാട്ടത്തിന് കൊടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ.